കൊണ്ടല്ല എന്നുള്ള വസ്തുത ശരി വയ്ക്കുന്നു. പക്ഷെ അദ്ദേഹം വേറെ കുറെ കാര്യങ്ങൾ പറഞ്ഞു, പീഡനം, വിഷമിപ്പിക്കൽ, അനീതി എന്നൊക്കെ ഗവൺമെന്റിന് കിട്ടിയ വിവരമാണ് ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഗൗരവമായിട്ട് കണക്കിലെടുക്കും. അതന്വേഷിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(5) പുതിയകാവ് ചിറയിലെ വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നമ്മുടെ സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് പരിസ്ഥിതിവാദികൾ തടസ്സം ഉണ്ടാക്കിയതിന് ഏറ്റവും വലിയ മൂക രക്തസാക്ഷിയാണ് എന്റെ നിയോജകമ ണ്ഡലത്തിലെ പുതിയകാവ് ചിറയിലെ വഴിയോര വിശ്രമകേന്ദ്രം. ലക്ഷക്കണ ക്കിന് രൂപ മുടക്കി 1995-ൽ അതിന്റെ പണി ആരംഭിച്ചെങ്കിലും പണി പകുതി കഴിഞ്ഞപ്പോൾ പരിസ്ഥിതിവാദികൾ കണ്ടുപിടിച്ചത് അവിടെ സൂക്ഷ്മാണു ക്കൾ നശിച്ചുപോകുമെന്നാണ്, അതുകൊണ്ട് ആ വർക്ക് അവസാനിപ്പിക്കണ മെന്നാണ്. രണ്ടുമൂന്നു തലത്തിൽ അതിനുള്ള ചർച്ചകൾ നടത്തിയതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽവച്ചുതന്നെ ബന്ധപ്പെട്ട ഉദ്യോഗ സ്ഥൻമാരുമായിട്ട് ചർച്ച നടന്നു. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു മാസ ത്തിനുള്ളിൽ തീരുമാനമെടുക്കാമെന്നും ആ ഒരു മാസത്തിനുള്ളിൽ തീരുമാന മായില്ലെങ്കിൽ ഈ ഒബ്ജക്ഷൻ നിലനിൽക്കില്ല എന്നുള്ള പ്രിസംപ്ഷനോടു കൂടി മുന്നോട്ടു നീങ്ങാം എന്നുമുള്ള ഒരു ഏകദേശ ധാരണയുണ്ടായതാണ്. അതിനുശേഷം വീണ്ടും വർഷങ്ങൾ പോയി. പുതിയകാവ് ചിറ പദ്ധതി പൂർത്തിയാക്കാതിരിക്കുന്നതിനുവേണ്ടി കരുതിക്കൂട്ടിയുള്ള ശ്രമങ്ങൾ നടത്തി ക്കൊണ്ടിരിക്കുകയാണ്. കോടിക്കണക്കിന് രൂപ കേന്ദ്ര ഗവൺമെന്റിൽനിന്ന് ധനസഹായം കിട്ടുന്ന ഒരു പദ്ധതിയാണ്. സംസ്ഥാനത്തെ ടൂറിസം ഡിപ്പാർട്ടു മെന്റിന് വളരെ ആത്മാഭിമാനം ഉയർത്താൻ കഴിയുന്ന പദ്ധതിയാണത്. ഇതേ രൂപത്തിലുള്ള പദ്ധതി വൈക്കം കായലിൽ ഇപ്പോൾത്തന്നെ പണി പൂർത്തി യാക്കിയിട്ടുണ്ട്. പരിസ്ഥിതി വാദികൾ സംസ്ഥാനത്തെ വികസന പ്രവർത്ത നത്തെ തടസ്സപ്പെടുത്തുന്നതിനെതിരായിട്ട് ശക്തമായ നടപടിയെടുക്കുകയും പുതിയകാവ് ചിറയിൽ വഴിയോരവിശ്രമകേന്ദ്രം ആരംഭിക്കുന്നതിനുള്ള അടിയ ന്തിരനടപടികൾ ഉണ്ടാവുകയും ചെയ്യണമെന്ന് ടൂറിസം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : അവിടെ കുറച്ച് പണിയൊക്കെ തുടങ്ങിയപ്പോൾ പരിസ്ഥിതിവാദി കളുടെ വളരെ രൂക്ഷമായ എതിർപ്പ് വന്നപ്പോൾ ഞാൻ ഒരു കോൺഫറൻസ് വിളിച്ചു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ആ കോൺഫറൻസിൽ ഉണ്ടായിരുന്നു. ഞങ്ങളെല്ലാംകൂടി ഒരു ധാരണയായി ജലവിഭവവിനിയോഗ വിക സന കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻമാരെ ഇതിന് ചുമതലപ്പെടുത്താമെന്ന് തീരു മാനിച്ചു. ശ്രീ. ജെയിംസ് ജോസഫിനെ ആണെന്ന്തോന്നുന്നു. അദ്ദഹത്തെ ചുമ തലപ്പെടുത്തി. അദ്ദേഹം കുറേനാൾ ഈ കടലാസുമായിട്ട് നടന്നതിനുശേഷം അവസാനം പറഞ്ഞു എനിക്ക് ഒരു പ്രത്യേക ഓർഡർ തന്നെങ്കിൽ മാത്രമേ ഞാൻ ചെയ്യൂ എന്ന്. അത് വളരെ ലേറ്റായിട്ടാണ് പറഞ്ഞത്. അതുകൊണ്ട് അദ്ദേ ഹത്തിന്റെ കയ്യിൽനിന്ന് അത് എടുത്തുമാറ്റിയിട്ട് ഇപ്പോൾ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ ഏൽപ്പിച്ചു. അവർ ഈ ജൂലായ് 15-ാം തീയതി റിപ്പോർട്ട് തരാമെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അത് ഒരു ഓൺ ഗോയിംഗ് സ്കീമാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അത് അങ്ങേയ്ക്ക് അറിയാമല്ലോ. അവിടത്തെ രൂക്ഷമായ എതിർപ്പും പിന്നെ പോലീസ് സഹായത്തോടുകൂടിയൊക്കെ ചെയ്യേണ്ടിവരുന്നത് തടയാൻവേണ്ടിയാണ് അങ്ങനെ ചെയ്തത്. നമ്മൾ എല്ലാംകൂടി ഒരു കോംപ്രമൈസ് ഉണ്ടാക്കിയതാണ്. അവരുടെ റിപ്പോർട്ട് 15-ാം തീയതി കിട്ടിക്കഴിഞ്ഞാൽ ഫണ്ട്സ് അവിടെയുണ്ട്. കെട്ടിടം കെട്ടുന്നതിന് കോൺട്രാക്ടറെ ഏൽപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ അതിന്റെ ബേസിസിൽ- ജൂലായ് 15-ാം തീയതി തരാമെന്നാണ് പറഞ്ഞിരിക്കുന്നത്. ജല വിനിയോഗ വികസന കേന്ദ്രത്തിലെ ശാസ്ത്രജ്ഞനെ ഏൽപ്പിച്ചപ്പോൾ കുറേക്കാലം വച്ചിരുന്നിട്ട് ഒടുവിൽ അദ്ദേഹം ഒഴിഞ്ഞുമാറുകയായിരുന്നു. അതുകൊണ്ടാണ് ഈ താമസം വന്നത്. ഏതായാലും 15-ാം തീയതി റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ നമുക്ക് വളരെ വേഗത്തിൽ നടത്താൻ കഴിയും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് പ്രകൃതിക്ക് എതിരാണെന്ന് പറഞ്ഞാൽ എന്ത് ചെയ്യും? അപ്പോൾ സ്ഥലം മാറ്റിയാലേ സാധിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അപ്പോൾ ഗവൺമെന്റിന് സ്ഥലം മാറ്റാൻ തന്നെയാണോ ഉദ്ദേശം?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെന്റിന് അങ്ങനെ ഒരു ഉദ്ദേശവുമില്ല. ഞാൻ പറയുന്നത് അവിടെത്തന്നെ നടത്തണമെന്നാണ്. നമ്മൾ രണ്ടാളുംകൂടി ചേർന്ന് പരിസ്ഥിതിയുടേത് നോക്കാൻ ഒരാളിനെ ഏൽപ്പിച്ചില്ലേ അദ്ദേഹം ജൂലായ് 15-ാം തീയതി റിപ്പോർട്ട് തരാമെന്ന് പറഞ്ഞിരിക്കുകയാണ്.

(6) റബ്ബർത്തടി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിന് നിലനിൽക്കുന്ന നിയന്ത്രണം പിൻവലിക്കണമെന്ന ആവശ്യം

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ 9 ലക്ഷം കൃഷിക്കാരും 3 ലക്ഷത്തോളം തൊഴിലാളികളും ബന്ധപ്പെട്ട് ജീവിച്ചുവരുന്ന റബ്ബർ കൃഷിമേഖലയുടെ തകർച്ച പലപ്രാവശ്യം ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്. വിലയിടിവുകൊണ്ട് തകർന്നുകൊണ്ടിരിക്കുന്ന ഈ മേഖലയെ സംരക്ഷിക്കാൻ സംസ്ഥാന ഗവൺമെന്റ് എടുത്ത ആശ്വാസനടപടികളുടെ വളരെ ചെറിയ ശതമാനം മാത്രമേ കൃഷിക്കാർക്ക് ലഭിക്കുന്നുള്ളൂ. ഈ സാഹചര്യത്തിൽ റബ്ബർ തടി വിൽക്കാം എന്നു വിചാരിച്ചാൽ അതിനും തീരെ വിലയില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. അതിന് പ്രധാന കാരണം അന്യസംസ്ഥാനങ്ങളിലേയ്ക്ക് തടി കൊണ്ടുപോകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന ചില വ്യവസായങ്ങളുടെ നിലനിൽപ്പിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു നിയന്ത്രണം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ളതെന്നാണ് മനസ്സിലാക്കുന്നത്. മേൽപ്പറഞ്ഞ വ്യവസായങ്ങളിൽ എല്ലാം കൂടി ആകെ മുവായിരത്തോളം തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഇവർക്കായി സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ നിന്ന് 20 ശതമാനം മരം മാറ്റിവച്ചാൽ ഈ വ്യവസായങ്ങൾക്കാവശ്യ

LIBRARY ARCHIVES Kerala Legislative Assembly